**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

## പോലീസ് സേനയിലെ ഒഴിവുകൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 136** **25/04/2017-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീ.കെ.കൃഷ്ണൻകുട്ടി**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | പോലീസ് സേനയിലെ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നികത്തപ്പെടാനുണ്ടെന്നതിന്റ തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) | പോലീസ് സേനയിലെ വിവിധ തസ്തികകളിലായി നികത്തപ്പെടാനുള്ള ഒഴിവുകളുടെ (പുതിയ തസ്തിക അനുവദിച്ചതുൾപ്പെടെ) തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| തസ്തിക | ഒഴിവുകൾ |
|---|---|
| ഡ്രൈവർ | 42 |
| എ.പി.എസ്.ഐ | 8 |
| സി.പി.ഒ | 1252 (2017-ലെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ) |
| സി.പി.ഒ ( സ്പെഷ്യൽ റിക്രൂട്ട്മെന്റ്) | 54 |
| ഡബ്ല്യു.സി.പി.ഒ | 433 (എൻ.ജെ.ഡി. ഉൾപ്പെടെ) |
| ഡബ്ല്യു.സി.പി.ഒ ( സ്പെഷ്യൽ റിക്രൂട്ട്മെന്റ്) | 21 |
| ഐ.ആർ.ബറ്റാലിയൻ പി.സി. | 177 |
| എസ്.ഐ. (കെ.സി.പി) | 93 (എൻ.ജെ.ഡി) |
| ടെക്നിക്കൽ പി.സി. | 179 |
| മോട്ടോർ ട്രാൻസ്പോർട്ട് എസ്.ഐ. | 3 |

മേൽപ്പറഞ്ഞ ഒഴിവുകളെല്ലാം (ടെക്നിക്കൽ പി.സി.ഒഴികെ) പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള സിവിൽ പോലീസ് ഓഫീസർ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് ഈ ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ? | (ബി) | വിവിധ ബറ്റാലിയനുകളിലായി 21/06/2016-ന് നിലവിൽ വന്ന സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ റാങ്ക് പട്ടികയുടെ കാലാവധി വിജ്ഞാപനത്തിലെ വ്യവസ്ഥ പ്രകാരം റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമോ അഥവാ ഒരു വർഷത്തിനകം അവസാനമായി നിയമന ശിപാർശ ചെയ്യപ്പെടുന്നവരുടെ പരിശീലനം തുടങ്ങുന്ന തീയതി മുതൽ ഒരു മാസമോ ഏതാണ് അവസാനമായി വരുന്നത് അതുവരെ ആയിരിക്കും. 2017 ഡിസംബർ വരെയുള്ള കോൺസ്റ്റബിൾമാരുടെ പ്രതീക്ഷിത ഒഴിവുകൾ പരിശീലന തസ്തികകളായി കണക്കാക്കി നിയമനം നടത്തുന്നകാര്യത്തിൽ അനുമതിക്കായി പി.എസ്.സി.യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ